GK/14

# ജലസംരക്ഷണത്തിനുള്ള ഉദാത്ത മാതൃകയായി മടിക്കൈ

ജലക്ഷാമം മൂലം കാർഷിക മേഖല ക്ഷയിച്ച കാസർകോഡ് ജില്ലയിലെ മടിക്കൈ പഞ്ചായത്ത് ജലക്ഷാമത്തെ നേരിട്ട് കാർഷികാഭി വൃദ്ധിയിലേക്ക് കടന്നു വന്നത് മൂന്നു വർഷത്തെ കഠിനമായ അദ്ധ്വാന ത്തിലൂടെയാണ്. കക്കാട്, കുണ്ടയൻ വയൽ, വാഴക്കോട്, കാരാക്കോട് എന്നീ നാലു വാട്ടർഷഡ് പ്രദേശങ്ങളിൽ ഒരു കോടി രൂപ മുടക്കി പഞ്ചായത്ത് ആവിഷ്ക്കരിച്ച ജലസംരക്ഷണ പദ്ധതികളാണ് വിജയത്തി ലേക്ക് പഞ്ചായത്തിനെ നയിച്ചത്. മടിക്കൈ പഞ്ചായത്തിലെ ജനങ്ങളാണ് ഈ പദ്ധതിയിൽ ഭാഗഭാക്കായിരുന്നത് എന്നത് ശ്രദ്ധേയമാ ണ്. പദ്ധതിയുടെ ഭാഗമായി എല്ലാ തൊഴിലാളികൾക്കും ജലസംരക്ഷ ണത്തിന്റെ ആവശ്യകതയെക്കുറിച്ചും അതിന് എന്തെല്ലാം മാർഗ്ഗങ്ങൾ അവലംബിക്കാം എന്നുമുള്ള ബോധവത്ക്കരണ ക്ലാസ്സാണ് പഞ്ചായത്ത് ആദ്യഘട്ടത്തിൽ നൽകിയത്.

നീർക്കുഴികളുടേയും, ട്രഞ്ചിന്റെയും, കല്ല്, കയ്യാല പോലുള്ളവ യുടെ ആവശ്യകതയും, അവ നിർമ്മിക്കുന്നതിനുള്ള പരിശീലനവും പഞ്ചായത്ത് തൊഴിലാളികൾക്ക് നൽകി.

ഇതിന്റെ ഭാഗമായി 864 വീടുകൾക്ക് റീചാർജ്ജ് സിസ്റ്റം നിർമ്മി ച്ചു. കല്ല് കെട്ടി സിമന്റിടാതെ വീടുകളുടെ മേൽക്കൂരയിൽ നിന്നും വീ ഴുന്ന ജലം ഭൂമിയിലേക്കിറക്കി വിടുന്ന രീതിയാണിത്. പൊതുമേഖല സ്ഥാപനങ്ങൾക്കും ഇതു പോലെ മഴവെള്ള സംഭരണികൾ സ്ഥാപിച്ചു. ജലം സംഭരിച്ച് കൃഷിക്കുപയോഗിക്കുന്നതിനുള്ള നീർക്കുഴികൾ, സമതല പ്രദേശത്തെ ജലം ഭൂമിക്കടിയിലേക്ക് ഇറങ്ങിച്ചെന്ന് പ്രദേശത്തെ ജല ലഭ്യത വർദ്ധിപ്പിക്കാൻ ട്രഞ്ചുകളും, കല്ല് കയ്യാലക ളും, കല്ലടുക്ക് തടയണകളും പഞ്ചായത്ത് നിർമ്മിച്ചു. ട്രഞ്ചുകളിലേക്ക് മണ്ണിടിഞ്ഞ് വീഴുന്നത് തടയാൻ ട്രഞ്ചിന്റെ വക്കിൽ വേരിറങ്ങിച്ചെല്ലുന്ന ചെടികളായ ചെമ്പരത്തിയും ശീമക്കൊന്നയും നടുകയും മണ്ണൊലിപ്പ് തടയാനും ജലം സംഭരിക്കാനുമായി ഇരുനൂറ്റി അമ്പത്തൊന്നോളം കല്ലെടുത്ത് തടയണകളും നിർമ്മിച്ചു. അങ്ങനെ മൂന്നു വർഷത്തിനു ള്ളിൽ 13 കുളങ്ങളും, 30,000 നീർക്കുഴികളും,37,186 മീറ്ററിൽ കല്ല് കയ്യാലയും, 20 ഷട്ടർ ചെക്ക് ഡാമുകളും, 6500 മീറ്ററിൽ ട്രഞ്ചും നിർമ്മിക്കാൻ പഞ്ചായത്തിന് സാധിച്ചു. ട്രഞ്ചിലെ മണ്ണിടിയൽ തടയാൻ പതിനാല് ആയിരത്തി അഞ്ഞൂറോളം ചെടികളും നട്ടു. കൂടാതെ പാടപ്രദേശത്തെ വെള്ളം കൊണ്ടുവന്ന് സംരക്ഷിക്കാൻ പള്ളങ്ങളും നിർമ്മിച്ചു. ജലസംരക്ഷത്തിനു മാത്രമായി പഞ്ചായത്തിന് ഒരു കോടി യോളം രൂപ ചെലവു വന്നിട്ടുണ്ട്.

ജലസംരക്ഷത്തിലൂടെ കാർഷികാഭിവൃദ്ധിയിലേക്ക് എത്തിച്ചേരുന്നതിന്റെ ആദ്യഘട്ടത്തിൽ 219 കുടുംബങ്ങൾക്ക് പശുക്കളും, 96 കുടുംബങ്ങൾക്ക് പശു തൊഴുത്തും നൽകി. കൂടാതെ 8504 കുടുംബങ്ങൾക്ക് ഒട്ടുമാവും, 360 കുടുംബങ്ങൾക്ക് തീറ്റപ്പുല്ലും, 60 കുടുംബങ്ങൾക്ക് വെറ്റിലയും, 600 കുടുംബങ്ങൾക്ക് ചേനയും കൃഷി ചെയ്യാനുള്ള സഹായവും പഞ്ചായത്ത് നൽകി.

വരൾച്ചയും,ജലത്തിന്റെ ലഭ്യതക്കുറവും ഏതെങ്കിലും പ്രദേശത്തിന് ശാപമാണെങ്കിൽ അവർക്ക് ഒരുഉത്തമമാതൃകയാണ് അദ്ധ്വാനത്തിലൂടെ പരിമിതികളെല്ലാം മറികടന്ന മടിക്കൈ പഞ്ചായത്ത്.

ജില്ല - കാസർകോട്
പഞ്ചായത്ത് - മടിക്കൈ
പ്രസിഡന്റ് - എം. രാജൻ
ഫോൺ നമ്പർ - 9446956942
0467 – 2240440

Nileena Atholi